**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 551 — 29.01.2019-ലെ മറുപടിയ്ക്ക്

## ശ്രീപാദം സ്റ്റേഡിയത്തിലെ ജിംനേഷ്യത്തിനുള്ള സജ്ജീകരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ആറ്റിങ്ങൽ വലിയകുന്ന് ശ്രീപാദം സ്റ്റേഡിയത്തിലെ ജിംനേഷ്യത്തിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായോ; കായിക വകുപ്പിന് കീഴിലുള്ള എത്രാമത്തെ ജിംനേഷ്യമാണ് ആറ്റിങ്ങലിലേത് എന്ന് അറിയിക്കാമോ; | (എ) | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നെസ്സ് സെന്ററുമായി ബന്ധപ്പെട്ട് ഫിറ്റ്നെസ്സ് സെന്ററിന്റെ ഇന്റീരിയർ വർക്കുകളുടെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ജിം എക്യൂപ്മെന്റ്സുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ട്.<br>കേരളത്തിലുടനീളം 9 സ്ഥലങ്ങളിൽ ജിമ്മുകളുടെ നിർമ്മാണ പ്രവർത്തനം നടന്നു വരുന്നു.<br>(1) മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം കണ്ണൂർ<br>(2) വി.കെ.കെ മേനോൻ ഇൻഡോർ സ്റ്റേഡിയം കോഴിക്കോട്<br>(3) വി.കെ.എൻ. സ്റ്റേഡിയം തൃശ്ശൂർ<br>(4) ഹോക്കി സ്റ്റേഡിയം കൊല്ലം<br>(5) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം<br>(6) പിരപ്പൻകോട് സ്വിമ്മിംഗ്പൂൾ<br>(7) വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്<br>(8) ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം വെള്ളയമ്പലം<br>(9) ജി.വി.രാജ സ്പോർട്സ് സ്കൂൾ. മൈലം എന്നിവ. |

| | | | |
|---|---|---|---|
| (ബി) | ജിംനേഷ്യം സ്ഥാപിക്കുന്നതിന് എത്ര തുകയാണ് ചെലവ് വന്നിട്ടുളളത്; പരിശീലകർ ശാസ്ത്രീയ പരിശീലനം ലഭ്യമായവരാണോ; എത്ര പേർക്കാണ് പ്രതിദിനം ഇതിന്റെ ഗുണഫലം ലഭ്യമാകുക;വ്യക്തമാക്കാമോ? | (ബി) | ആറ്റിങ്ങൽ വലിയകുന്ന് ശ്രീപാദം സ്റ്റേഡിയത്തിലെ ജിമ്മിന്റെ ഇന്റീരിയർ വർക്കുകൾക്കായി 29,42,073/- രൂപയ്ക്കാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 22,71,360/- രൂപയുടെ എക്യുപ്മെന്റ്സ് സ്ഥാപിച്ചിട്ടുണ്ട്. ജിമ്മിന്റെ പണി പൂർത്തീകരിച്ച ശേഷം പരിചയസമ്പന്നരായ പരിശീലകരെ തെരഞ്ഞെടുക്കുന്നതാണ്. പ്രതിദിനം 400 – 500 ആളുകൾക്ക് ഈ പരിശീലന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും |

**സെക്ഷൻ ഓഫീസർ**